# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.929 01.03.2017 ൽ മറുപടിക്ക്**

## പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാത്തതിനാൽ കർഷകർക്ക് ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പാലക്കാട് ജില്ലയിൽ ചെറുകിട ജലസേചന വകുപ്പിൻ കീഴിൽ 34 എൽ.ഐ.സ്കീമുകൾ ജലസേചനത്തിന് പ്രവർത്തന സജ്ജമാണ്. ഈ സ്കീമുകളിൽ നിന്നും കൃഷിയാവശ്യത്തിന് രണ്ടാം വിളയ്ക്ക് ജലവിതരണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കടുത്ത ജലദൗർലഭ്യം പരിഗണിച്ച് കുടി വെള്ളത്തിനല്ലാതെയുള്ള, കാർഷിക ജലസേചനം ഉടൻ നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ നിന്നുള്ള പമ്പിംഗ്/ ജലവിതരണം നിർത്തിവച്ചിരിക്കുക യാണ്. |
| (ബി) ഇക്കാര്യം പരിഹരിക്കുന്നതിനും അടിയന്ത രമായി ജലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) നിർമ്മാണം പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ, വി.സി.ബി, റെഗുലേറ്ററുകൾ എന്നിവയിൽ ഷട്ടറുകൾ സ്ഥാപിച്ച് വെള്ളം സംഭരിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരിക്കപ്പെട്ട ജലം കുടിവെള്ളം, ഗാർഹികം, കൃഷി എന്നീ മുൻ ഗണനാക്രമത്തിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഹരിതകേരളം പദ്ധതി യിലുൾപ്പെടുത്തി കുളങ്ങൾ ശുദ്ധീകരി ക്കുന്നതിനുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**